**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953** **29-08-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രകല അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ ക്ഷേത്രകല അക്കാദമി ഓഫീസ് പ്രവർത്തിക്കുന്നത് എവിടെയൊക്കെയാണെന്ന് അറിയിക്കാമോ; അക്കാദമിക്ക് തനത് ഫണ്ട് ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ചിറക്കൽ കോവിലകം ദേവസ്വത്തിന് കീഴിലെ മാടായി ശ്രീ തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ക്ഷേത്രകലാ അക്കാദമി ഓഫീസ് പ്രവർത്തിച്ച് വരുന്നത്.<br><br>ബഡ്ജറ്റ് വിഹിതമായി സാംസ്ക്കാരിക വകുപ്പ് അനുവദിക്കുന്ന ഗ്രാന്റും,റവന്യൂ ദേവസ്വം വകുപ്പ് അനുവദിക്കുന്ന ഗ്രാന്റും ആണ് ക്ഷേത്രകലാ അക്കാദമിയുടെ പ്രധാന ഫണ്ട്. ഈ ഫണ്ടും, അക്കാദമിയിൽ വിവിധ കോഴ്സുകൾക്കായി ചേർന്ന കുട്ടികളിൽ നിന്നും ലഭിക്കുന്ന അഡ്മിഷൻ ഫീസും ഉൾപ്പെടുന്നതാണ് അക്കാദമിയുടെ ഫണ്ട്. അക്കാദമിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാവിധ ചിലവുകളും നിർവഹിക്കുന്നത്, മേൽ പറഞ്ഞ ഫണ്ടിൽ നിന്നുമാണ്. |
| (ബി) | അക്കാദമിയുമായി ബന്ധപ്പെട്ട് പ്രോജക്ട് ചെയ്യുന്നതിനുള്ള വേതനം ഏത് ഫണ്ടിൽ നിന്നാണ് നൽകുന്നത്; വിശദാംശം അറിയിക്കാമോ? | (ബി) | മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ചിറക്കൽ കോവിലകം ദേവസ്വത്തിന് കീഴിലെ മാടായി ശ്രീ തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ക്ഷേത്രകലാ അക്കാദമി ഓഫീസ് പ്രവർത്തിച്ച് വരുന്നത്.<br><br>ബഡ്ജറ്റ് വിഹിതമായി സാംസ്ക്കാരിക വകുപ്പ് അനുവദിക്കുന്ന ഗ്രാന്റും,റവന്യൂ ദേവസ്വം വകുപ്പ് അനുവദിക്കുന്ന ഗ്രാന്റും ആണ് ക്ഷേത്രകലാ അക്കാദമിയുടെ പ്രധാന ഫണ്ട്. ഈ ഫണ്ടും, അക്കാദമിയിൽ വിവിധ കോഴ്സുകൾക്കായി ചേർന്ന കുട്ടികളിൽ നിന്നും ലഭിക്കുന്ന അഡ്മിഷൻ ഫീസും ഉൾപ്പെടുന്നതാണ് അക്കാദമിയുടെ ഫണ്ട്. അക്കാദമിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാവിധ |

| | | | |
|---|---|---|---|
| | | | ചിലവുകളും നിർവഹിക്കുന്നത്, മേൽ പറഞ്ഞ ഫണ്ടിൽ നിന്നുമാണ്. |

സെക്ഷൻ ഓഫീസർ